## പതിനാലാം കേരള നിയമസഭ

ആറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 52 | 25.04.2017 ൽ മറുപടിയ്ക്ക് |
|---|---|
| **സ്ത്രീകൾക്ക വേണ്ടി പ്രത്യേക വകുപ്പ്** | |
| ചോദ്യം | ഉത്തരം |
| **ശ്രീ. എം. ഉമ്മർ** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്ത് സ്ത്രീകൾക്ക വേണ്ടി പ്രത്യേക വകുപ്പ് രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ ; | (എ),(ബി) &(സി) ഉണ്ട്, ബഹു. കേരള ഗവർണ്ണറുടെ 24.06.2016ലെ നയപ്രഖ്യാപന പ്രസംഗത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും വികാസത്തിനായി ഒരു പുതിയ വകുപ്പ് സൃഷ്ടിക്കുന്നതാണെന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിയ്ക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് മുൻ ഡയറക്ടർ ശ്രീ.റ്റി.എൻ.ജിതേന്ദ്രനെ ചുമതലപ്പെടുത്തുകയും അദ്ദേഹം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) എങ്കിൽ വകുപ്പ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | |
| (സി) നിലവിൽ സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള വനിതാ സ്കീമുകൾ പുതിയ വകുപ്പിലേയ്ക്ക് മാറുമ്പോൾ പൂർത്തീകരിക്കപ്പെടാത്ത പദ്ധതികൾക്ക് പ്രത്യേക പരിരക്ഷ നൽകുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കാമോ ? | |

Jayan

സെക്ഷൻ ഓഫീസർ